01.09.2025

# NOTICE

Attention Students: Research Award (ASPIRE) for second year PG students and Research Scholars for the academic year 2025-2026 has started. Eligible students are requested to apply at the earliest. Students must submit hardcopy of application form along with required documents at Scholarship counter on or before 10.09.2025. Please visit https://dcescholarship.kerala.gov.in/ for more details. For queries contact the scholarship section.

SACRED HEART COLLEGE AUTONOMOUS 1944 THEVARA, KOCHI-682013

Dr. Biju C.S
Principal
Sacred Heart College (Autonomous)
Thevara, Kochi-682013

ഭരണഭാഷ - മാതൃഭാഷ

DCETVM-7169/2025-S1

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

വികാസ് ഭവൻ. തിരുവനന്തപുരം-695033

തീയതി. 12.08.2025

Mob No: 8281098580

Email : dceaspire2018@gmail.com

**വിജ്ഞാപനം**

**റിസർച്ച് അവാർഡ്(ആസ്പയർ) 2025-26 അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരള സംസ്ഥാന സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ്/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലേയും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലേയും സയൻസ്, സോഷ്യൽ സയൻസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് സ്ററഡീസ് രണ്ടാം വർഷ ബിരുദാനന്തരബിരുദ. പി.എച്ച്.ഡി വിദ്യാർത്ഥികളിൽ നിന്നും 2025-2026 അദ്ധ്യായന വർഷത്തേക്കുള്ള റിസർച്ച് അവാർഡിന് മാന്വൽ അപേക്ഷകൾ ക്ഷണിക്കുന്നു. ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് 1 മാസവും പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് 4 മാസവുമാണ് ഇന്റേൺഷിപ്പിനുള്ള സമയ പരിധി.

കോളേജ് വിദ്യഭ്യാസ വകുപ്പിന്റെ collegiateedu.kerala.gov.in, www.dcescholarship.kerala.gov.in എന്നീ വെബ് സൈറ്റുകളിലെ സ്കോളർഷിപ്പുകൾ, News & Updates എന്നീ ലിങ്കുകളിൽ എതെങ്കിലും ഒന്നിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന Application Form ഡൌൺലോഡ് ചെയ്ത് പൂരിപ്പിക്കേണ്ടതും അതിനോടൊപ്പം **താഴെ കൊടുത്തിരിക്കുന്ന** ലിങ്കിൽ (ഗൂഗിൾ ഫോം) ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖപ്പെടുത്തിയും **10.09.2025** മുൻപ് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

https://docs.google.com/forms/d/e/1FAIpQLScomteRT-dWTbD-_YM2VoMe95UsJDdqPND8lkbHBaIqMBezAw/viewform?usp=sharing&ouid=118001737436428664875

**1. യോഗ്യതകൾ**

**(എ)** അപേക്ഷകൾ 2025-26 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/

എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ പഠിക്കുന്ന രണ്ടാം വർഷ ബിരുദാനന്തരബിരുദം, പി. എച്ച്.ഡി വിദ്യാർത്ഥിയായിരിക്കണം.

**(ബി)** അപേക്ഷകർ സർക്കാർ / എയ്ഡഡ് FULL TIME കോഴ്സുകൾക്ക് പഠിക്കുന്നവരായിരിക്കണം.

**(സി)** ഒന്നാം വർഷം കുറഞ്ഞത് 75 ശതമാനം (പെൺകുട്ടികൾക്ക് 73 ശതമാനം) ഹാജർനില ഉണ്ടായിരിക്കണം

**(ഡി)** അടിസ്ഥാന കോഴ്സിന് ( ബിരുദം/ബിരുദാനന്തരബിരുദം ) 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.

**(ഇ)** IIT, IIM . IISER, NIT, IISc, JNU, TISS തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ ഹോസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ആയി തിരഞ്ഞെടുക്കുന്നവർക്ക് 55 % മാർക്കും 75% ഹാജർ നിലയും നിർബന്ധമല്ല.

**(2) <u>സ്കോളർഷിപ്പ് തുക.</u>**

ബിരുദാനന്തര ബിരുദം (1 മാസം), പി.എച്ച്,ഡി (4 മാസം) കേരളത്തിനകത്ത് ₹8000/- രൂപയും . കേരളത്തിന് പുറത്ത് ₹10000/ രൂപയും പ്രതിമാസം സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നു. തിരഞ്ഞെടുക്കുന്നവർക്ക് 2 ഗഡുക്കളായിതുക അനുവദിക്കുന്നതാണ്. ആദ്യ ഗഡു ആതിഥേയ സ്ഥാപനത്തിൽ ജോയിൻ ചെയ്ത് ജോയിനിംഗ് റിപ്പോർട്ട് അപ് ലോഡ്/ സമർപ്പിക്കുന്ന മുറയ്ക്കും .അവസാന ഗഡു ഇന്റേൺഷിപ്പ് പൂർത്തിയാക്കി പ്രൊജക്റ്റ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ അപ് ലോഡ്/ സമർപ്പിക്കുന്ന മുറയ്ക്കും അനുവദിക്കും. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രൊജക്റ്റ്/ഇന്റേൺഷിപ്പ് പൂർത്തിയാക്കിയിരിക്കണം .

**(3) <u>വിദ്യാർത്ഥികൾക്കുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ.</u>**

I. ഓരോ കോളേജിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പ്രിൻസിപ്പാൾ, വകുപ്പ് തലവൻ സ്കോളർഷിപ്പ് നോഡൽ ഓഫീസർ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയും ആതിഥേയ സ്ഥാപനത്തിലെ ഗൈഡും അംഗീകരിച്ച മേലൊപ്പ് വച്ച മൂല്യവത്തും, ആക്കാദമിക് പ്രാധാന്യവുമേറിയ ഉന്നത നിലവാരം പുലർത്തുന്ന SYNOPSIS മാത്രമേ റിസർച്ച് അവാർഡിനായി പരിഗണിക്കുകയുള്ളൂ, ആയതിനാൽ സെലക്ഷൻ കമ്മിറ്റിയുടെയും ഗൈഡിന്റേയും മേലൊപ്പ് വച്ചതിനു ശേഷം മാത്രം SYNOPSIS അപ്ലോഡ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്റ്റ് റിപ്പോർട്ടും മേൽ പറഞ്ഞ പ്രകാരം അംഗീകരിച്ച് മേലൊപ്പ് വച്ച് സമർപ്പിക്കേണ്ടതാണ്.

II. പ്രൊജക്റ്റ് ഇന്റേൺഷിപ്പ് സ്വന്തം സ്ഥാപനത്തിൽ ചെയ്യുന്നവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല. ആതിഥേയ സ്ഥാപനത്തിലെ ദേശീയ പ്രാധാന്യമുള്ള IIT, IIM .

IISER, NIT, JNU, TISS തുടങ്ങിയവയോ, സ്ഥാപനത്തിൽ NAAC 'A' ഗ്രേഡ് ലഭിച്ച കോളേജുകളോ തിരഞ്ഞെടുക്കേണ്ടതാണ്.

iii. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർ റിസർച്ച് അവാർഡിന് അർഹരല്ല.

iv. മാതൃ, ആതിഥേയ സ്ഥാപനങ്ങളുടെ NOC, ആതിഥേയ സ്ഥാപനത്തിലെ സർവ്വകലാശാല അംഗീകരിച്ച റിസർച്ച് ഗൈഡിന്റെ consent letter എന്നിവ അപ് ലോഡ് ചെയ്തിരിക്കണം .

v. Joining Report. Completion Certificate, Project Report എന്നിവ സൈറ്റിലെ നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

vi. PG, PhD, കോഴ്സുകൾ പൂർത്തിയാക്കുന്ന കാലയളവിൽ ഒരു തവണ മാത്രമേ റിസർച്ച് അവാർഡിന് അർഹതയുള്ളൂ.

vii. അപേക്ഷകരുടെ ബാഹുല്യത്തിനും അലോട്ടമെന്റ് ലഭ്യതക്കും ആനുപാതികമായി സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിനു അക്കാദമിക മെരിറ്റിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.

viii. ആപേക്ഷകർക്ക് ഐ. എഫ്.എസ്.സി. കോഡുള്ള നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്/ കോമേഴ്സ്യൽ എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ ആധാർ ലിങ്ക് ചെയ്ത അക്കൌണ്ട് ഉണ്ടായിരിക്കണം . അപേക്ഷ സമർപ്പിക്കുമ്പോൾ അക്കൌണ്ട് ലൈവ് ആയിരിക്കേണ്ടതുമാണ്.

ix. സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിദഗ്ധരടങ്ങിയ പാനൽ പരിശോധിച്ച് അർഹരായവരുടെ സെലക്ട് ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ (www.dcescholarship.kerala.gov.in പ്രസിദ്ധീകരിക്കുന്നതാണ്. മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് ആതിഥേയ സ്ഥാപനത്തിൽ പ്രവേശനം നേടിയശേഷം ലഭിക്കുന്ന Joining Report അപ് ലോഡ് / സമർപ്പിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് ഒന്നാം ഗഡു അർഹരായവർക്ക് ബാങ്ക് മുഖേന അനുവദിക്കും .

x. സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ആതിഥേയ സ്ഥാപനത്തിൽ (Host Institution) പ്രവേശനം നേടിയ ശേഷം നിശ്ചിത സമയത്തിനുള്ളിൽ പ്രൊജക്ട്/ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ച നൽകുന്ന തുക ബാങ്ക് പലിശ ഉൾപ്പെടെ തിരച്ചടയ്ക്കേണ്ടതാണ്.

xi. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ പ്രൊജക്ട് / ഇന്റേൺഷിപ്പ് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റും, പ്രൊജക്ട് റിപ്പോർട്ടും കോളേജ് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

xii. യൂണിവേഴ്സിറ്റികളിലേയും കോളേജുകളിലേയും മേലധികാരികൾ റിസർച്ച് അവാർഡിനെ

സംബന്ധിച്ചുള്ള വിശദാംശങ്ങൾ തങ്ങളുടെ സ്ഥാപനത്തിനു കീഴിലെ വകുപ്പുകളെ യഥാസമയം അറിയിക്കേണ്ടതും സാങ്കേതിക സഹായം നൽകേണ്ടതുമാണ്.

മേൽ പറഞ്ഞവ പാലിക്കാത്ത അപേക്ഷകൾ അംഗീകരിക്കുന്നതല്ല.

## (4) അപേക്ഷ സമർപ്പിക്കേണ്ടവിധം

1. **അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ** collegiateedu.kerala.gov.in, www.dcescholarship.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ സ്കോളർഷിപ്പുകൾ, News & Updates എന്നീ ലിങ്കുകളിൽ എതെങ്കിലും ഒന്നിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന Application Form ഡൌൺലോഡ് ചെയ്ത് പൂരിപ്പിക്കേണ്ടതും അതിനോടൊപ്പം **താഴെ കൊടുത്തിരിക്കുന്ന** ലിങ്കിൽ (ഗൂഗിൾ ഫോം) ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.
https://docs.google.com/forms/d/e/1FAIpQLScomteRT-dWTbD-_YM2VoMe95UsJDdqPND8lkbHBaIqMBezAw/viewform?usp=sharing&ouid=118001737436428664875
2. അപേക്ഷ ഫോമിന്റെ പൂരിപ്പിച്ച പ്രിന്റൌട്ട്, വിജ്ഞാപനത്തിൽ ഭാഗം 3 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന മാതൃസ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
3. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും, അപേക്ഷ ഫോമിന്റെ പ്രിന്റൌട്ടും, ഗൂഗിൾ ഫോമും സ്ഥാപന മേധാവിയോ പ്രിൻസിപ്പാളോ/ നോഡൽ ഓഫീസറോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതും (വെരിഫിക്കേഷൻ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി( പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റിയിലെ വകുപ്പ് മേധാവികൾ) മേലൊപ്പ് വച്ച് അംഗീകരിക്കുകയും (അപ്രൂവൽ) വേണം .നിശ്ചിത സമയ പരിധിക്കുള്ളിൽ (16.09.2025) മേലൊപ്പ് വച്ച് സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
4. അംഗീകരിച്ച അപേക്ഷകളുടെ അനുബന്ധ രേഖകളുടേയും ഹാർഡ്കോപ്പി അതാതു സ്ഥാപനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സ്കോളർഷിപ്പ് സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

## (5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ.

1. അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച അപേക്ഷ ഫോം.
2. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്.
3. എസ്.എസ്.എൽ.സി. ഒന്നാം പേജ്. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്രൊജക്റ്റ്/ ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നും Facility

Certificate, ഗൈഡിന്റെ അനുമതി പത്രം (Consent Letter from Guide).

5. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ( പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

<u>( 6 ) സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്. ( പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ)</u>

(എ) ഓരോ കോളേജിലും യൂണിവേഴ്സിറ്റി/ ഡിപ്പാർട്ടമെന്റുകളിലും പ്രിൻസിപ്പാൾ, വകുപ്പ് തലവൻ, സ്കോളർഷിപ്പ് നോഡൽ ഓഫീസർ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് മൂല്യവത്തും അക്കാദമിക് പ്രാധാന്യവുമേറിയ ഉന്നത നിലവാരം പുലർത്തുന്ന SYNOPSIS (പി.ജി. കോഴ്സ് പൂർത്തീകരണത്തിനുള്ള DESSERTATION WORK ഒഴിവാക്കി) സമർപ്പിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ മാത്രം റിസർച്ച് അവാർഡിനായി തിരഞ്ഞെടുക്കേണ്ടതാണ്. SYNOPSIS, PROJECT REPORT എന്നിവ സെലക്ഷൻ കമ്മിറ്റിയും ആതിഥേയ സ്ഥാപനത്തിലെ യൂണിവേഴ്സിറ്റി അംഗീകരിച്ച ഗൈഡും അംഗീകരിച്ച് മേലൊപ്പ് വച്ച് UPLOAD ചെയ്യേണ്ടതാണ്.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർ റിസർച്ച് അവാർഡിന് അർഹരല്ല.

(സി) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും , അപേക്ഷ ഫോമും, ഗൂഗിൾ ഫോമും സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കുകയും (വെരിഫിക്കേഷൻ) ആയതു സ്ഥാപന മേധാവി **16.09.2025** തീയതിക്കുള്ളിൽ മേലൊപ്പ് വച്ച് അംഗീകരിക്കേണ്ടതാണ്.( അപ്രൂവൽ)

(ഡി) നിശ്ചിത സമയപരിധി പാലിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥാപന മേധാവികൾ കാലതാമസം വരുത്താതെ വെരിഫിക്കേഷനും അപ്രൂവലും നടത്തേണ്ടതാണ്.

(ഇ) എല്ലാ രേഖകളുടേയും നിജസ്ഥിതി അസ്സലുമായി ഒത്തുനോക്കി സ്ഥാപനമേധാവി പ്രിൻസിപ്പാൾ / യൂണിവേഴ്സിറ്റി വകുപ്പ് മേധാവി) ഉറപ്പുവരുത്തേണ്ടതാണ്.

(എഫ്) ഭാഗം 3 അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് രജിസ്ട്രേഷൻ പ്രിന്റൗട്ടും, ഗൂഗിൾ ഫോമും പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ്.

(ജി) രജിസ്ട്രേഷൻ പ്രിന്റൗട്ടും, ഗൂഗിൾ ഫോമും പരിശോധിച്ച് വെരിഫിക്കേഷൻ, അപ്രൂവൽ നടത്തിയ വിദ്യാർത്ഥികൾക്ക് 75 ശതമാനം ഹാജർനില ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

അംഗീകരിച്ച മേലൊപ്പ് വച്ച അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടേറ്റിലെ

സ്കോളർഷിപ്പ് വിഭാഗത്തിൽ ഹാജരാക്കേണ്ട അവസാന തീയതി 22.09.2025 -5pm.

<u>(7) അവസാന തീയതികൾ</u>

1. അപേക്ഷകർ അപേക്ഷ ഫോം പ്രിന്റൌ്ട്ടും , അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി 10.09.2025.
2. അപേക്ഷ ഫോം, അനുബന്ധ രേഖകൾ, ഗൂഗിൾ ഫോം എന്നിവ സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കേണ്ട അവസാന തീയതി 16.09.2025.
3. അംഗീകരിച്ച മേലൊപ്പ് വച്ച അപേക്ഷകളും ,അനുബന്ധ രേഖകളും കോളേജ് വിദ്യാഭ്യാസ ഡയറക്ടേറ്റിലെ സ്കോളർഷിപ്പ് വിഭാഗത്തിൽ ഹാജരാക്കേണ്ട അവസാന തീയതി 22.09.2025 -5pm.
4. യാതൊരു കാരണവശാലും 22.09.2025 -5pm ന ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
5. അപേക്ഷകൾ സ്ഥാപനമേധാവികൾ സമയബന്ധിതമായി വെരിഫൈ/അപ്രൂവ് ചെയ്ത് യഥസമയം സ്കോളർഷിപ്പ് വിഭാഗത്തിൽ ഹാജരാക്കാത്തതു മൂലം അർഹതയുളളവർക്ക് ടി സ്കോളർഷിപ്പ് ലഭിക്കാതെ വന്നാൽ അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും സ്ഥാപനമേധാവികൾക്ക് മാത്രമായിരിക്കും .

സുധീർ കെ ഐ.എ.എസ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

Signed by
Sudhir K
Date: 13-08-2025 10:44:10